## കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസവകുപ്പ് - അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ഒരു അദ്ധ്യയന വർഷം അനുവദിക്കാവുന്ന ഡ്യൂട്ടി ലീവിന്റെ ഉയർന്ന പരിധി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ(എം.എസ്) നം. 55/2016/പൊ.വി. തീയതി, തിരുവനന്തപുരം, 02.03.2016

---

പരാമർശം: - പൊതുവിദ്യാഭ്യാസഡയറക്ടറുടെ 14.12.2015 ലെ എച്ച്1/88371/15/ഡിപിഐ നം. കത്ത്.

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള വിദ്യാലയമേധാവികളും അധ്യാപകരും മറ്റ് ജീവനക്കാരും പരിശീലനക്ലാസുകൾ, സംഘടനാപ്രവർത്തനം, ശാസ്ത്ര കലാകായികമേളകൾ, എസ്.സി.ഇ.ആർ.ടി സീമാറ്റ് വർക്ക് ഷോപ്പുകൾ തുടങ്ങി വിവിധ കാരണങ്ങൾ കൊണ്ട് സാധ്യായ ദിവസങ്ങളിൽ സ്കൂളിൽ നിന്ന് വിട്ടുനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും ഇത് വിദ്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതായും പൊതുവിദ്യാഭ്യാസഡയറക്ടർ പരാമർശം ഒന്ന മുഖേന റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതോടൊപ്പം 2009 ലെ കേന്ദ്രവിദ്യാഭ്യാസ അവകാശനിയമത്തിലെ സെക്ഷൻ 27 ൽ അധ്യാപകരുടെ സേവനം പ്രവൃത്തിദിവസങ്ങളിൽ സ്കൂളിൽ ഉറപ്പവരുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നതിനാൽ അദ്ധ്യയനത്തെയും, വിദ്യാലയത്തിലെ ദൈനംദിന പ്രവർത്തനങ്ങളേയും ബാധിക്കുന്ന തരത്തിൽ അധ്യാപകർ സ്കൂളിൽ നിന്നും വിട്ടുനിൽക്കുവാൻ പാടില്ല എന്നും അനിവാര്യമായ സാഹചര്യങ്ങളിൽ പരമാവധി ഒരു അധ്യയനവർഷം അനുവദിക്കാവുന്ന ഡ്യൂട്ടി ലീവിന്റെ എണ്ണം നിശ്ചയിക്കണമെന്നും പൊതുവിദ്യാഭ്യാസഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അദ്ധ്യയനത്തെയും വിദ്യാലയത്തിന്റെ ദൈനംദിനപ്രവർത്തനങ്ങളേയും ബാധിക്കുന്ന തരത്തിൽ അധ്യാപകർ/അനദ്ധ്യാപക ജീവനക്കാർ സ്കൂളിൽ നിന്നും വിട്ടുനിൽക്കുവാൻ പാടില്ലായെന്ന് നിർദ്ദേശിക്കുന്നു. അനിവാര്യമായ സാഹചര്യങ്ങളിൽ അധ്യാപകേതര പ്രവർത്തനങ്ങൾക്കായും, ഇതര സേവനങ്ങൾക്കായും ഒരു അദ്ധ്യയനവർഷം ഒരു അധ്യാപക-അനദ്ധ്യാപക ജീവനക്കാരന് അനുവദിക്കാവുന്ന ഡ്യൂട്ടിലീവിന്റെ പരമാവധി എണ്ണം 20 (ഇരുപത്) ആയി നിജപ്പെടുത്തി ഉത്തരവാകുന്നു. എസ്.സി.ഇ.ആർ.റ്റി വിളിച്ചുചേർക്കുന്ന വിവിധ കമ്മിറ്റികളിൽ/ മറ്റ പരിപാടികളിൽ പങ്കെടുക്കുന്നതിന് മേൽ നിയന്ത്രണം ബാധകമായിരിക്കുകയില്ല.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ആർ.ആനന്ദവല്ലി**
**ഡെപ്യൂട്ടിസെക്രട്ടറി**

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും; ജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും;
ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ) തിരുവനന്തപുരം
ഡയറക്ടർ, ഐടി @ സ്കൂൾ,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന് വേണ്ടി)
ഡയറക്ടർ, വിവരപൊതുജനസമ്പർക്കവകുപ്പ് (വ്യാപക പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- ബഹു.വിദ്യാഭ്യാസമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസഅഡീഷണൽചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

**ഉത്തരവിൻപ്രകാരം**

**സെക്ഷൻഓഫീസർ**